**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1486** **08-12-2022 - ൽ മറുപടിയ്ക്ക്**

**കായിക്കര എൽ.പി.എസ് -ന് പുതിയ കെട്ടിടം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അഞ്ചുതെങ്ങ് പഞ്ചായത്തിൽ മഹാകവി കുമാരനാശാൻ പഠിച്ചതും പഠിപ്പിച്ചതുമായ ഗവൺമെന്റ് കായിക്കര എൽ.പി.എസ്. സ്ഥിതി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | അഞ്ചുതെങ്ങ് പഞ്ചായത്തിലെ കായിക്കര ഗവൺമെന്റ് എൽ.പി.എസ്-ലെ പ്രഥമാധ്യാപിക 4/8/2022 നും 5/12/2022നും നൽകിയ അപേക്ഷ പ്രകാരം 05/12/2022 ന് അഞ്ചുതെങ്ങ് വില്ലേജ് ഓഫീസറും ചിറയിൻകീഴ് തഹസിൽദാറും സ്കൂൾ സ്ഥലം സന്ദർശനം നടത്തിയിരുന്നു. സ്കൂൾ സ്ഥലത്തിന്റെ സർവ്വേ നടപടികൾ ആരംഭിച്ചിട്ടില്ല. |
| (ബി) | പുതിയ കെട്ടിടം നിർമ്മിക്കാൻ അനുവദിച്ച 1 കോടി രൂപ ചെലവഴിക്കാനാവാത്തത് നിലവിലുള്ള വസ്തുവിന്റെ വിസ്തീർണ്ണം നിർണ്ണയിച്ച് നൽകാത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ? | (ബി) | ഇല്ല. 4/8/2022 ന് കായിക്കര സ്കൂൾ പ്രഥമാധ്യാപിക പുതിയ സ്കൂൾ കെട്ടിടത്തിന്റെ സ്കെച്ചും പ്ലാനും അഞ്ചുതെങ്ങ് വില്ലേജ് ആഫീസിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ